LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇലക്ട്രിക് ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വെറ്റ് ലീസ് അടിസ്ഥാനത്തിലാണ് 8 A/C ഇലക്ട്രിക് ബസ്സുകൾ കെ.എസ്.ആർ.ടി.സി ലഭ്യമാക്കിയിട്ടുള്ളത്. സർവ്വീസ് നടത്തിയിരുന്നപ്പോൾ ലഭിച്ച വരുമാനവും വാടകയും കോവിഡിന്റെ പശ്ചാത്തലത്തിൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(സി) പെട്രോൾ, ഡീസൽ വില വർദ്ധനവ് കണക്കിലെടുത്ത് കൂടുതൽ ഇലക്ട്രിക്ക് ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇന്ധന വില വർദ്ധനവ് പരിഗണിച്ച് നിലവിലെ ഡീസൽ ബസ്സുകൾ ഇലക്ട്രിക് ബസ്സായി പരിവർത്തനം ചെയ്യുന്നതിന്റെ സാദ്ധ്യതാപഠനം ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജ്, കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് എന്നിവയുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

**അന്തർ സംസ്ഥാന ഗതാഗത കരാറുകൾ**

218(1203) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്തർ സംസ്ഥാന ഗതാഗത കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളുമായാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി കേരള സർക്കാർ അന്തർ സംസ്ഥാന ഗതാഗത കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. (G.O.(P)No.56/2016/TRAN dated, 30-8-2016) SRO No.659/2016, (G.O.(P)No.01/2019/Trans, dated 05-1-2019).

(ബി) മേൽപ്പറഞ്ഞ കരാറുകളിൽ സ്വകാര്യ ബസ്സുകൾക്ക് അന്തർ സംസ്ഥാന പാതകളിൽ സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ?

ഇല്ല.

(സി) സ്വകാര്യ ബസുകൾക്ക് ഏത് റൂട്ടിലും സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത് കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

സ്വകാര്യ ബസ്സുകൾക്ക് ഏത് റൂട്ടിലും സർവ്വീസ് നടത്തുന്നതിനുള്ള അനുമതി സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന പ്രകാരമുള്ള നിർദ്ദേശങ്ങൾ അതേപടി നടപ്പിലാക്കുന്ന പക്ഷം കേരളത്തിലെ ഗതാഗത മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുണ്ട്. മാത്രമല്ല സ്വകാര്യ മേഖലയിലുള്ള പ്രാദേശിക സംരംഭങ്ങളായ സ്റ്റേജ് ക്യാരേജുകൾ, മോട്ടോർ ക്യാബുകൾ, കോൺട്രാക്ട് ക്യാരേജുകൾ എന്നിവയുടെ നിലനിൽപ്പുതന്നെ അപകടാവസ്ഥയിലാവുകയും ചെയ്യും. ആയതിനാൽ അഗ്രഗേറ്റർ ലൈസൻസ് വ്യവസ്ഥയിൽ സർവ്വീസ് നടത്തുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽനിന്നും മാറ്റുന്ന പക്ഷം വൻതോതിലുള്ള റവന്യൂ വരുമാന നഷ്ടം ഉണ്ടാകാനുള്ള സാധ്യതയുണ്ട്. കൂടാതെ നിലവിൽ മോട്ടോർ വാഹന വകുപ്പുവഴിയുള്ള മേൽനോട്ടമോ, മറ്റ് നിയന്ത്രണ സംവിധാനങ്ങളോ സംസ്ഥാന സർക്കാരിന് ഏർപ്പെടുത്താൻ കഴിയാത്ത സാഹചര്യം വന്നുചേരും. ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ ആക്ഷേപം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) ആൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റുള്ള വാഹനങ്ങളുടെ നികുതി കേന്ദ്രസർക്കാർ സ്വീകരിച്ചശേഷം സംസ്ഥാനങ്ങൾക്ക് വിഹിതം നൽകുന്ന രീതിയിലേയ്ക്ക് മാറ്റുന്നതിനായി കേന്ദ്രം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ആക്ഷേപങ്ങൾ ഗതാഗത കമ്മീഷണർ കേന്ദ്ര സർക്കാരിനെ നേരിട്ട് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly